**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - M/s. KEL - ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL - EML), കാസറഗോഡ്, നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 ൽ - ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 114/2024/SPD തീയതി, തിരുവനന്തപുരം, 24-10-2024.

---

പരാമർശം:- 1. 07.08.2023 ലെ സ.ഉ.(സാധാ) നം.84/2023/എസ്.പി.ഡി. നമ്പർ ഉത്തരവ്.
2. KEL-EML-മാർക്കറ്റിംഗ് ഹെഡിന്റെ 06.08.2024-ലെ MKT/EML/GOK-DG/262/2024-25 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം M/s. KEL - ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML), കാസറഗോഡ്, നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ / തദ്ദേശ സ്വയംഭരണ / സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ടെൻഡർ നടപടി കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് 07.08.2023 മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 06.08.2024-ൽ അവസാനിച്ച സാഹചര്യത്തിൽ, മൂന്നു വർഷത്തേക്കു കൂടി പ്രസ്തുത ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു തരണമെന്ന് KEL-EML-മാർക്കറ്റിംഗ് ഹെഡ് അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ, ടെൻഡർ ഇളവ് നൽകുന്ന ഉൽപ്പന്നങ്ങളുടെ വില നിർണ്ണയം പൂർത്തിയാക്കേണ്ടതാണെന്നുള്ള കർശന വ്യവസ്ഥയിൽ, M/s. KEL- ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML), കാസറഗോഡ്, നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ / തദ്ദേശ സ്വയംഭരണ / സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പൊതുവിപണിയിലെ നിരക്കിനേക്കാൾ അധികരിക്കാതെ, ടെൻഡർ നടപടി കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക്

സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രമ്യ വി.**
**അണ്ടർ സെക്രട്ടറി**

പകർപ്പ് :-
എല്ലാ സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ / തദ്ദേശ സ്വയംഭരണ / സ്വയംഭരണ സ്ഥാപനങ്ങൾ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്).
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളേയും അറിയിക്കുന്നതിന്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/കോഴിക്കോട്.
മാർക്കറ്റിംഗ് ഹെഡ്, KEL - ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML) ബെദ്രഡുക്ക പോസ്റ്റ്, കാസറഗോഡ് - 671 124.
വ്യവസായ വകുപ്പ് (File No. IND-D1/196/2024-IND) പ്രകാരം.
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് ഗവൺമെന്റ് വെബ്സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ